**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5454** **21-07-2022 - ൽ മറുപടിയ്ക്ക്**

**പാലുല്പാദനം അറിയാൻ ഡിജിറ്റൽ ആപ്പ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ.കെ.രമ | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ ക്ഷീരകർഷകരുടെ സമ്പൂർണ്ണ സർവ്വേ തയ്യാറാക്കുന്നതിന്റെ ഭാഗമായി മൊബൈൽ ആപ്പ് നിർമ്മിക്കുന്നതിന് തീരുമാനിക്കുകയുണ്ടായോ; എങ്കിൽ അറിയിക്കാമോ; | (എ) | സംസ്ഥാനത്തെ ക്ഷീരകർഷകരുടെ സമ്പൂർണ്ണ സർവ്വേ തയ്യാറാക്കുന്നതിന്റെ ഭാഗമായി മൊബൈൽ ആപ്പ് കേരള ഡിജിറ്റൽ യൂണിവേഴ്സിറ്റിയുടെ മേൽ നോട്ടത്തിൽ നിർമ്മിക്കുന്നതിനായി പ്രാരംഭ ചർച്ചകൾ നടന്നു. ഇതു സംബന്ധിച്ച അപേക്ഷ ക്ഷീരവികസന വകുപ്പ് ഡിജിറ്റൽ യൂണിവേഴ്സിറ്റിക്ക് നൽകിയിട്ടുണ്ട്. |
| (ബി) | ക്ഷീരവികസന വകുപ്പുമായി ബന്ധപ്പെട്ട എല്ലാ വിവരങ്ങളും അറിയുവാനായി സംസ്ഥാന ഡയറി മാനേജ്മെന്റ് ഇൻഫർമേഷൻ സെന്റർ രൂപീകരിക്കുന്നതിന്റെ ആദ്യപടിയായിട്ടാണ് പ്രസ്തുത ആപ്പ് തയ്യാറാക്കുന്നതെന്ന് കരുതാമോ; വിശദാംശം നൽകാമോ; | (ബി) | അതെ. കേരള ഡിജിറ്റൽ യൂണിവേഴ്സിറ്റിയുടെ മേൽ നോട്ടത്തിൽ നിർമ്മിക്കാനുദ്ദേശിക്കുന്ന ഈ ആപ്പിന്റെ ഘടന സംബന്ധിച്ചും ഉള്ളടക്കം സംബന്ധിച്ചും വിശദാംശങ്ങൾ യൂണിവേഴ്സിറ്റിക്ക് നൽകിയിട്ടുണ്ട്. ക്ഷീരകർഷകരുടെ സമ്പൂർണ്ണ സർവ്വേയാണ് ലക്ഷ്യമിടുന്നത്. |
| (സി) | ഈ ആപ്പ് ഇൻസ്റ്റാൾ ചെയ്യുന്നതിലൂടെ ക്ഷീരകർഷകർക്ക് എന്തൊക്കെ ആനുകൂല്യങ്ങളും സൗകര്യങ്ങളും ലഭിക്കുമെന്നാണ് കരുതുന്നതെന്ന് അറിയിക്കാമോ; | (സി) | ക്ഷീരകർഷകരുടെ സമ്പൂർണ്ണ വിവരങ്ങൾ ലഭിക്കുക വഴി ക്ഷീരകർഷകർക്കായുള്ള വകുപ്പിന്റെ പദ്ധതികൾ ഫലപ്രദമായി ആസൂത്രണം ചെയ്ത് നടപ്പിലാക്കാൻ സാധിക്കുന്നതാണ്. |
| (ഡി) | ആപ്പ് തയ്യാറാക്കുന്ന പദ്ധതി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നും ഏത് സ്ഥാപനമാണ് ഈ ആപ്പ് തയ്യാറാക്കുന്നതെന്നും ഇതിനായി എത്ര രൂപ ചെലവാകുമെന്നാണ് പ്രതീക്ഷിക്കുന്നതെന്നും അറിയിക്കാമോ; | (ഡി) | പദ്ധതി ഇപ്പോൾ ആരംഭ ഘട്ടത്തിലാണ്. കേരള ഡിജിറ്റൽ യൂണിവേഴ്സിറ്റിയുടെ മേൽനോട്ടത്തിലാണ് ഈ ആപ്പ് നിർമ്മിക്കുന്നത്. ആപ്പിനായി ചെലവാകുന്ന തുക എത്രയാണെന്ന് നിജപ്പെടുത്തിയിട്ടില്ല. |
| (ഇ) | ഓരോ സ്ഥലത്തെയും കർഷകരുടെ ലൊക്കേഷൻ വിവരങ്ങൾ അറിയുന്നതിനായി ഭൂമിക ആപ്പുമായി ബന്ധിപ്പിച്ചു കൊണ്ടാണോ പ്രസ്തുത ആപ്പ് തയ്യാറാക്കുന്നതെന്നും ആപ്പ് മുഖേന ശേഖരിക്കപ്പെടുന്ന, കർഷകരുമായി ബന്ധപ്പെട്ട ഡാറ്റ ഏതു സെർവറിലാണ് സൂക്ഷിക്കുന്നതെന്നും ഇതിന്റെ സംരക്ഷണച്ചുമതല ഏത് ഏജൻസിക്ക് ആയിരിക്കും എന്നുമുള്ള വിശദാംശം ലഭ്യമാക്കുമോ; | (ഇ) | കേരള ഡിജിറ്റൽ യൂണിവേഴ്സിറ്റിയുടെ മേൽ നോട്ടത്തിലാണ് മൊബൈൽ ആപ്പ് നിർമ്മിക്കുന്നത്. ഭൂമിക ആപ്പുമായി പ്രസ്തുത മൊബൈൽ ആപ്പ് ബന്ധിപ്പിക്കുന്ന കാര്യങ്ങൾ തീരുമാനം ആയിട്ടില്ല. ഡാറ്റാ സെർവർ സംബന്ധിച്ച സാങ്കേതിക കാര്യങ്ങൾ ഡിജിറ്റൽ യൂണിവേഴ്സിറ്റിയുടെ മേൽനോട്ടത്തിൽ ആയിരിക്കും. |

| | | | |
|---|---|---|---|
| (എഫ്) | ഈ ഡാറ്റ സുരക്ഷിതമായിരിക്കുമെന്ന് ഉറപ്പുവരുത്തുന്നതിനായി എന്തൊക്കെ മുൻകരുതൽ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നതിന്റെ വിശദാംശം ലഭ്യമാക്കുമോ? | (എഫ്) | മൊബൈൽ ആപ്പ് നിർമ്മിക്കുന്ന പദ്ധതി ഇപ്പോൾ ആരംഭ ഘട്ടത്തിലാണ്. കേരള ഡിജിറ്റൽ യൂണിവേഴ്സിറ്റിയുടെ മേൽനോട്ടത്തിലാണ് ഈ ആപ്പ് നിർമ്മിക്കുന്നത്. ഈ ഡാറ്റയുടെ മേൽനോട്ടം ഡിജിറ്റൽ യൂണിവേഴ്സിറ്റിക്ക് ആയതിനാൽ സുരക്ഷിതത്വം ഉറപ്പാക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ